DESPATCHED
On 02/06/2020

6/03/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.-in

## ഹർജി നമ്പർ A.P. No.1190(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.7541/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

### ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. പി.ആർ.ഷാജി.
പറമ്പിക്കുടി ഹൗസ്,
റയോൺപുരം പി.ഒ., പെരുമ്പാവൂർ– 683 543
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   സബ് രജിസ്ട്രാർ ഓഫീസ്,
   പെരുമ്പാവൂർ, എറണാകുളം.

2. അപ്പീൽ അധികാരി & ജില്ലാ രജിസ്ട്രാർ(ജനറൽ)
   ജില്ലാ രജിസ്ട്രാർ(ജനറൽ) ഓഫീസ്,
   പെരുമ്പിള്ളിൽ ബിൽഡിംഗ്സ്,രണ്ടാം നില,സിസി 40/1017,
   മഹാരാജാസ് കോളേജ് ഗ്രൗണ്ടിന് എതിർവശം,
   എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.02.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.02.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.04.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08.05.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.05.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് തീയതി<br>സ്ഥലം | 06.03.2020 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,എറണാകുളം. |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.ആർ.ഷാജി. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരത്തിന് 300 രൂപ ഫീസ് ഒടുക്കുവാൻ ആവശ്യപ്പെട്ടുവെന്നും ആയത് വിവരാവകാശ നിയമത്തിന് എതിരാണെന്നും 2-ാം ചോദ്യം സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയില്ലായെന്നും 3-ാം ചോദ്യത്തിന് മേൽപ്പടി ഓഫീസിലെ ഉദ്യോഗസ്ഥർ എന്നു മുതൽ ജോലിയിൽ പ്രവേശിച്ചു എന്ന വിവരവും അവരുടെ പേരും വിലാസവും നൽകിയില്ലെന്നും 4, 5 എന്നീ ഇനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ലായെന്നാണ് അറിയിച്ചതെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ നൽകിയെങ്കിലും ഒന്നാം എതിർകക്ഷി നൽകിയ മറുപടി ന്യായീകരിച്ച് ഉത്തരവ് നൽകുകയാണ് ഉണ്ടായതെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i. 2627/07 നമ്പർ ആധാരത്തിന്റെ പകർപ്പ് നൽകണമെന്നും.

ii. എതിർകക്ഷി ഓഫീസിലെ ക്യാമറ 2010 മുതൽ ഇന്നുവരെ എത്ര പ്രാവശ്യം കേടായിട്ടുണ്ടെന്നും ഓരോ പ്രാവശ്യവും കേടായിട്ടുള്ള ദിവസം പിന്നീട് എന്നു നന്നാക്കിയെന്നും, എത്ര രൂപ സർവ്വീസ് ഫീസായി കൊടുത്തുവെന്നും, ഇപ്പോൾ ക്യാമറ വർക്ക് ചെയ്യുന്നുണ്ടോ എന്നും

iii. മേൽപ്പടി ഓഫീസിൽ എത്ര ജീവനക്കാരുണ്ടെന്നും അവരുടെ പേരും വിലാസവും, മാസ ശമ്പളം, തസ്തിക, മേൽപ്പടി ഓഫീസിൽ എത്ര താത്ക്കാലിക ജോലിക്കാരുണ്ടെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, 1-ാം ഇനം സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി വിവരാവകാശ നിയമ പ്രകാരമല്ലെന്നും 2-ാം ഇനം സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ നൽകിയിട്ടില്ലാ

RIGHT TO INFORMATION

യെന്നും 4, 5 ഇനങ്ങൾ സംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കുന്നതും വഴി തെറ്റിക്കുന്നതുമായ വിവരങ്ങളാണ് നൽകിയിരിക്കുന്നത് എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനം സംബന്ധിച്ച് രജിസ്ട്രേഷൻ നിയമ പ്രകാരം ഫീസ് നിശ്ചയിച്ചിട്ടുള്ളതിനാൽ ആയതു സംബന്ധിച്ച വിവരമാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും ആയതു വിവരാവകാശ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും ഫുൾ ബഞ്ച് ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനം സംബന്ധിച്ചുള്ള വിവരങ്ങൾ മേൽപ്പടി ഓഫീസിലെ ലോഗ് ബുക്ക് പ്രകാരമാണ് നൽകിയിട്ടുള്ളതെന്നും 3-ാം ഇനത്തിൽ ആവശ്യപ്പെട്ട ജീവനക്കാരുടെ തസ്തികകളും ശമ്പള സ്കെയിലും നൽകിയിട്ടുണ്ടെങ്കിലും പേരു വിവരം നൽകിയിട്ടില്ലെന്ന് ബോധ്യപ്പെട്ടെന്നും ജീവനക്കാരുടെ വിലാസവും 4-ാം ചോദ്യത്തിനുള്ള വിവരങ്ങളും വെളിപ്പെടുത്തുന്നതിന് പൊതു താത്പര്യം വ്യക്തമാക്കേണ്ടതാണെന്നും 5-ാം ഇനത്തിൽ ആവശ്യപ്പെട്ട ഇൻകം ടാക്സ് റിട്ടേൺ സംബന്ധിച്ച വിവരം വ്യക്തിഗത വിവരമാണെന്നും ആയത് വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം വെളിവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരൻ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട രേഖ നിർദ്ദിഷ്ട ഫീസ് ഒടുക്കി കൈപ്പറ്റേണ്ടതാണെന്നും 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ജീവനക്കാരുടെ പേരു വിവരം ഹാജർ പുസ്തകത്തിന്റെ പകർപ്പ് എന്നിവ ഹർജിക്കാരന് ലഭ്യമാക്കണമെന്നും മറ്റുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖക്ക് തെരച്ചിൽ ഫീസ് എന്ന തരത്തിൽ 100 രൂപയും പകർപ്പ് ഫീസ് എന്ന തരത്തിൽ 200 രൂപയും വിവരാവകാശ നിയമ പ്രകാരം ഈടാക്കാൻ നിർവ്വാഹമില്ലെന്ന് കമ്മീഷൻ വ്യക്തമാക്കുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട മേൽപ്പടി രേഖ വിവരാവകാശ നിയമ പ്രകാരം പേജ് ഒന്നിന് 2 രൂപ നിരക്കിൽ ഹർജിക്കാരന് നൽകേണ്ടതായിരുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ സംബന്ധിച്ച് വിവരാവകാശ നിയമ പ്രകാരമുള്ള ശരിയായ അറിയിപ്പ് ഒന്നാം എതിർകക്ഷി നൽകാത്തതിനാൽ മേൽപ്പടി രേഖ ഹർജിക്കാരന് ഈ ഉത്തരവു കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ സൗജന്യമായി അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. 2-ാം ഇനം സംബന്ധിച്ച് എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്

RIGHT TO INFORMATION

ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതെന്ന് കാണുന്നു. 3-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ജീവനക്കാരുടെ പേര് ഹർജിക്കാരന് നൽകേണ്ടതായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി ഓഫീസിലെ ജീവനക്കാരുടെ പേരും തസ്തികയും ഹർജിക്കാരന് ഈ ഉത്തരവു കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. 4-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ജില്ലാ രജിസ്ട്രാർ ഓഫീസിലാണ് ലഭ്യമാവുക എന്നാണ് കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്. അത്തരം സാഹചര്യത്തിൽ മേൽപ്പടി ഇനം സംബന്ധിച്ച് മറുപടി നൽകുന്നതിലേക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം മേൽപ്പടി ഓഫീസിലേക്ക് അയച്ചു നൽകേണ്ടതായിരുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മേൽപ്പടി രേഖ വ്യക്തിഗതമായ ഒന്നാകയാലും ആയതിന്റെ വെളിപ്പെടുത്തൽ ന്യായീകരിക്കുന്ന കൂടുതലായ പൊതു താത്പര്യമൊന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടാത്തതിനാലും ഇക്കാര്യം സംബന്ധിച്ച് കമ്മീഷൻ മറ്റു നിർദ്ദേശങ്ങളൊന്നും പുറപ്പെടുവിക്കുന്നില്ല. 5-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 2014-15 വർഷം ഇൻകം ടാക്സ് നൽകിയ ഉദ്യോഗസ്ഥരുടെ പേരു വിവരം ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമാകയാൽ ആയത് നൽകേണ്ടതായിരുന്നു എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പടി വിവരങ്ങൾ ഹർജിക്കാരന് ഈ ഉത്തരവു കൈപ്പറ്റി 20 ദിവസങ്ങൾക്കകം അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 6-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION